ഫയൽ നം : സി1/80/റ്റിസി/2021 തിയതി : 13/04/2021

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം – 695 014

ഇ–മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471–2333317

## സർക്കുലർ നമ്പർ 8/2021

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – പുതിയ വാഹനങ്ങൾ രജിസ്ട്രേഷന് വേണ്ടി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതില്ല എന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകുന്നത് – സംബന്ധിച്ച്

സൂചന :- കേന്ദ്ര സർക്കാരിന്റെ 31.03.2021–ലെ GSR No 240 (E) നമ്പർ ഉത്തരവ്.

സൂചന പ്രകാരമുള്ള കേന്ദ്ര സർക്കാർ ഉത്തരവ് അനുസരിച്ചു, പൂർണ്ണമായും ഫാക്ടറി നിർമ്മിത ബോഡിയോടു കൂടിയ (Fully Built Body) പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് വാഹന പരിശോധന ഒഴിവാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(i) വാഹനം വാങ്ങുന്ന വ്യക്തികൾക്ക് ഇഷ്ടപ്പെട്ട നമ്പർ റിസർവ് ചെയ്യുന്നതിന് ആഗ്രഹമുള്ള പക്ഷം ആയതിന് ഒരു താല്പര്യപത്രം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതും ആ വിവരം ബന്ധപ്പെട്ട ഡീലർ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. ഫാൻസി നമ്പർ റിസർവ്വേഷനുമായി ബന്ധപ്പെട്ട കേരള മോട്ടോർ വാഹന ചട്ടം 95 ലും നിലവിലുള്ള software ലും ആവശ്യമായ മാറ്റങ്ങൾ വരുന്നതുവരെ ഇത്തരം വാഹനങ്ങൾക്ക് താൽക്കാലിക രജിസ്ട്രേഷൻ അനുവദിക്കുന്നതാണ്. എന്നാൽ ഈ താൽക്കാലിക രജിസ്ട്രേഷന്റെ അടിസ്ഥാനത്തിൽ ഷോറൂമിൽ നിന്നും വാഹനം വാങ്ങിയ വ്യക്തിയ്ക്ക് വിട്ടുകൊടുക്കാൻപാടുള്ളതല്ല.

(ii) ബോഡി നിർമ്മിക്കാതെ ഷാസി മാത്രമായി വാങ്ങുന്ന വാഹനങ്ങൾക്കും അന്യസംസ്ഥനത്തു രജിസ്റ്റർ ചെയ്യാൻ വേണ്ടി വാങ്ങുന്ന വാഹനങ്ങൾക്കും താൽക്കാലിക രജിസ്ട്രേഷൻ അനുവദിക്കുന്നതാണ്. .

(iii) താൽക്കാലിക രജിസ്ട്രേഷൻ ആവശ്യമില്ലാത്ത വാഹനങ്ങളുടെ സ്ഥിര രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷകൾ വിശദമായ സൂഷ്മ പരിശോധനകൾക്കു ശേഷം മാത്രമേ ഡീലർമാർ Parivahan വഴി upload ചെയ്യുവാൻ പാടുള്ളൂ. ഗുരുതരമായി പിഴവുകൾ ഉള്ള അപേക്ഷകൾ മനഃപൂർവ്വം രജിസ്ട്രേഷനുവേണ്ടി upload ചെയ്യുന്നപക്ഷം കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ 192 B(3) പ്രകാരം പ്രസ്തുത വാഹനത്തിന്റെ 10 വർഷത്തെ നികുതിക്ക് തുല്യമായ തുക പിഴയായി ഡീലറിൽ നിന്നും ഈടാക്കാവുന്നതാണ്.

(iv) സ്ഥിര രജിസ്ട്രേഷനുവേണ്ടി ഡീലർ upload ചെയ്യുന്ന അപേക്ഷകൾ ഉടൻ തന്നെ ബന്ധപ്പെട്ട അസി.മോട്ടോർ വെഹി.ഇൻസ്പെക്ടർക്ക് ലഭ്യമാകുന്നതാണ്. ഓരോ ദിവസവും വൈകുന്നേരം 4 മണിവരെ ലഭിക്കുന്ന അപേക്ഷകൾ അതാത് ദിവസം തന്നെ സൂക്ഷ്മപരിശോധന നടത്തി നമ്പർ അനുവദിക്കേണ്ടതാണ്. ഇതിനായി ഓഫീസ് മേധാവികൾ ആവശ്യാനുസരണം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതാണ്.

വ്യക്തമായ കാരണങ്ങൾ ഇല്ലാതെ യാതൊരു കാരണവശാലും അതാത് ദിവസം നമ്പർ അനുവദിക്കാതിരിക്കാൻ പാടില്ലാത്തതാണ്. സൂക്ഷ്മ പരിശോധനയിൽ ഏതെങ്കിലും തരത്തിലുള്ള അപാകതകൾ കണ്ടെത്തുന്നപക്ഷം ആ വിവരം വ്യക്തമായി രേഖപ്പെടുത്തിയ ശേഷം മാത്രമേ നമ്പർ അനുവദിക്കുന്നതിൽ നിന്നും അപേക്ഷകൾ മാറ്റി വയ്ക്കുവാൻ പാടുള്ളൂ.നമ്പർ allot ചെയ്ത ശേഷം ഫയൽ ബന്ധപ്പെട്ട സൂപ്പർവൈസറി ഉദ്യോഗസ്ഥൻ(HA/HC/JS) verify ചെയ്ത ശേഷം registering authority രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യേണ്ടതാണ്.

(v) മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുന്നതിനായുള്ള വാഹനങ്ങളുടെയും ബോഡി നിർമ്മിക്കേണ്ടതായ ഷാസികളുടെയും താൽക്കാലിക രജിസ്ട്രേഷനുള്ള അപേക്ഷകൾ നിലവിലുള്ള രീതിയിൽ അതാത് ദിവസം തന്നെ അപ്രൂവ് ചെയ്യേണ്ടതാണ്. താൽക്കാലിക രജിസ്ട്രേഷന്റെ കാലാവധി 6 മാസമായിരിക്കും.

(vi) നമ്പർ റിസർവ് ചെയ്യുന്നതിനായി താൽക്കാലിക രജിസ്ട്രേഷൻ നേടിയിട്ടുള്ള വാഹനങ്ങൾക്ക് നമ്പർ അനുവദിച്ചാൽ ഉടൻ തന്നെ പ്രസ്തുത അപേക്ഷകൾ ബന്ധപ്പെട്ട AMVI യ്ക്ക് ലഭ്യമാക്കേണ്ടതാണ്. അവയ്ക്ക് അതാത് ദിവസം തന്നെ ഖണ്ഡിക (iv) ൽ പറയുന്ന നിർദ്ദേശപ്രകാരം നമ്പർ allot ചെയ്യേണ്ടതാണ്.

(vii) നമ്പർ റിസർവേഷനു വേണ്ടി താൽക്കാലിക രജിസ്ട്രേഷൻ നേടുകയും എന്നാൽ നമ്പർ ലേലത്തിൽ പരാജയപ്പെടുകയും ചെയ്യുന്ന പക്ഷം മറ്റൊരു നമ്പർ റിസർവ് ചെയ്യാൻ താൽപര്യമില്ലെങ്കിൽ ആ വിവരം രേഖാമൂലം ഓഫീസ് മേധാവിയെ അറിയിക്കേണ്ടതാണ്. അവയ്ക്ക് സാധാരണ ക്രമത്തിൽ നമ്പർ ലഭ്യമാക്കാവുന്നതാണ്. നമ്പർ അനുവദിച്ച് കഴിഞ്ഞാൽ നിലവിലുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് തയ്യാറാക്കി വാഹന ഉടമയ്ക്ക് തപാൽ മാർഗം അയച്ചുകൊടുക്കേണ്ടതാണ്.

(viii) രജിസ്ട്രേഷൻ നടപടിക്രമങ്ങൾ പൂർത്തിയാക്കി നമ്പർ അനുവദിച്ച എല്ലാ വാഹനങ്ങളും HSRP(High Security Registration Plate) ഘടിപ്പിച്ച് ആയതിന്റെ വിവരങ്ങൾ ഡീലർമാർ Vahan ൽ upload ചെയ്ത ശേഷം മാത്രമേ ഷോറൂമുകളിൽ നിന്നും വാഹന ഉടമകൾക്ക് വിട്ടുകൊടുക്കുവാൻ പാടുള്ളൂ. ഇതിൽ വീഴ്ച വരുത്തുന്ന ഡീലർമാരിൽ നിന്നും, ഖണ്ഡിക (iii) ൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം പിഴ ഈടാക്കുന്നതാണ്. എന്നാൽ അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്നതിനായി വാങ്ങിയിട്ടുള്ളതും ഷാസി മാത്രമായിട്ടുള്ളതുമായ വാഹനങ്ങൾ താൽക്കാലിക രജിസ്ട്രേഷൻ നമ്പർ ലഭ്യമാക്കിയ ശേഷം HSRP ഇല്ലാതെ തന്നെ ഉടമയ്ക്ക് വിട്ടുകൊടുക്കാവുന്നതാണ്.എന്നാൽ ഇത്തരം വാഹനങ്ങളിൽ താൽക്കാലിക രജിസ്ട്രേഷൻ നമ്പർ കേന്ദ്ര മോട്ടോർ വാഹന ചട്ടം 53 C പ്രകാരം നിർദ്ദിഷ്ട മാതൃകയിൽ മുന്നിലും പിറകിലുമായി എഴുതി പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്

(ix) പൂർണ്ണമായും ഫാക്ടറി നിർമ്മിത ബോഡിയോടു കൂടിയ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ Vehicle Location Tracking Device (VLTD), നമ്പർ അനുവദിക്കുന്നതിനു മുമ്പായി Suraksha Mithra- യിൽ കൂടി പരിശോധിച്ച് Tagging ചെയ്യേണ്ടതാണ്. In built അല്ലാത്ത Speed Governor –ന്റെ വിവരങ്ങൾ പരിശോധിച്ച് Vahan –ൽ ഡീലർമാർ upload ചെയ്യേണ്ടതാണ്.ഇലക്ട്രോണിക് ഫെയർ മീറ്ററിന്റെ വിവരങ്ങൾ ലീഗൽ മെട്രോളജി വകുപ്പിന്റെ പരിശോധനാ സർട്ടിഫിക്കറ്റ് സഹിതം വാഹനിൽ

ഡീലർമാർ upload ചെയ്യേണ്ടതാണ്.

(x) അതാത് ദിവസത്തെ അപേക്ഷകൾ കർശനമായും മുൻഗണനാ ക്രമത്തിൽ മാത്രമേ പരിഗണിക്കുവാൻ പാടുള്ളൂ. ആദ്യം ലഭിക്കുന്ന അപേക്ഷയിൽ തീരുമാനം എടുത്തതിനു ശേഷം മാത്രമേ അടുത്തത് പരിഗണിക്കാവൂ. മുൻഗണനാക്രമം ലംഘിച്ചതായി കണ്ടെത്തുന്ന പക്ഷം ആയതിന്റെ ഉത്തരവാദിത്തം അതാത് പരിശോധനാ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കും.

ഈ സംവിധാനം 15 / 04 / 2021 മുതൽ നടപ്പിലാക്കേണ്ടതാണ്

Digitally signed by M R AJITHKUMAR IPS
Date:Tue Apr 13 13:01:21 IST 2021
Reason: Approved

M R Ajithkumar Ips
Transport Commissioner

File No.C1/80/2021-TC

**മോട്ടോർ വാഹന വകുപ്പ് , കേരളം**
**ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയം**
തീയതി: **15/04/2021**

പ്രേഷകൻ : ട്രാൻസ്പോർട്ട് കമ്മീഷണർ
കേരളം

സ്വീകർത്താവ്: എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
എല്ലാ റീജിയണൽ ട്രാൻസ്പോർട് ഓഫീസർ
എല്ലാ ജോയിൻറ് റീജിയണൽ ട്രാൻസ്പോർട് ഓഫീസർ
എല്ലാ വാഹന ഡീലർമാർ (ആർ ടി ഓ മാർ മുഖാന്തിരം)

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് - **പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ കോൺടാക്റ്റ് ലെസ്സ് ആകുന്നതുമായി ബന്ധപെട്ട വാഹന ഉടമകൾക്കും വാഹന ഡീലർമാർക്കുമായി പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ**

സൂചന : **സർക്കുലർ നമ്പർ 08/2021**

1. വാഹന ഡീലർമാർ വാഹനങ്ങളുടെ വില, രജിസ്ട്രേഷൻ ഫീ, ടാക്സ്, രജിസ്ട്രേഷൻ നടപടിക്രമങ്ങൾ എന്നിവ വ്യക്തമായി ഷോ റൂമിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്
2. ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ അഡ്രസ് പ്രൂഫ് , ചാസിസ് പ്രിന്റ്, ആവശ്യമായ മറ്റു രേഖകൾ തുടങ്ങിയവ വ്യക്തമായി വായിക്കുവാൻ കഴിയുന്ന രീതിയിൽ സ്കാൻ ചെയ്തു അപ്‌ലോഡ് ചെയേണ്ടതാണ് . വ്യക്തത ഇല്ലാതെ അലക്ഷ്യമായി സ്കാൻ ചെയ്തു അപ്‌ലോഡ് ചെയ്യപ്പെടുന്ന അപേക്ഷകൾ നിരസിക്കപെടുവാൻ സാധ്യതയുള്ളതും ഉപഭോക്താവിനുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് ഡീലർ കാരണമാകുന്നതുമാണ്.
3. ക്യാബിൻ ചാസിസ് ആയി വില്പന നടത്തി ബോഡി നിർമ്മിക്കേണ്ടതായ വാഹനങ്ങൾക്ക് താത്കാലിക രജിസ്ട്രേഷന് അപേക്ഷിക്കാവുന്നതാണ്. ആറു മാസം കാലാവധിയുള്ള താത്കാലിക രജിസ്ട്രേഷൻ അനുവദിക്കുന്നതും ഈ കാലയളവിനുള്ളിൽ ബോഡി പൂർത്തിയായിട്ടില്ലായെങ്കിൽ താത്കാലിക രെജിസ്ട്രഷൻ നിശ്ചിത ഫീസ് അടച്ച് പുതുക്കാവുന്നതുമാണ്.
4. ഫാക്ടറി നിർമിത ബോഡിയോടു കൂടി വരുന്ന വാഹനങ്ങൾക്ക് താത്കാലിക രജിസ്ട്രേഷൻ ആവശ്യമില്ല.
    a. എന്നാൽ അന്യ സംസ്ഥാനങ്ങളിലേക്ക് വില്പന നടത്തുന്ന വാഹനങ്ങൾക്ക് താത്കാലിക രജിസ്ട്രേഷന്അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇത്തരം വാഹനങ്ങൾ ഏഴു ദിവസങ്ങൾക്കുള്ളിൽ വാഹന ഉടമ സ്വന്തം സംസ്ഥാനത്തു നിന്ന് സ്ഥിര രജിസ്ട്രേഷൻ സമ്പാദിക്കേണ്ടതാണ്
    b. അതുപോലെ ഫാൻസി/ചോയ്സ് നമ്പർ ആഗ്രഹിക്കുന്നവർക്കും താത്കാലിക രജിസ്ട്രേഷൻ അനുവദിക്കുന്നതാണ്. നമ്പർ റിസേർവഷന്റെ നിയമങ്ങൾ കേരള മോട്ടോർ വാഹനനിയമം 95 പാലിക്കുന്നതിന്റെ ഭാഗമായി മാത്രമാണ് ഇത്തരം വാഹനങ്ങൾക്ക് താത്കാലിക രജിസ്ട്രേഷൻ അനുവദിക്കുന്നത്. താത്കാലിക രജിസ്ട്രേഷൻ നമ്പർ ഉപയോഗിച്ചുകൊണ്ട് ഇത്തരം വാഹനങ്ങൾ ഡീലർ വിട്ടുനൽകുവാൻ പാടുള്ളതല്ല.
5. നമ്പർ റിസർവേഷൻ ആവശ്യമുള്ള അപേക്ഷകരുടെ അപേക്ഷ സമർപ്പിക്കുന്നതോടൊപ്പം 'Do you wish to Reserve a Registration Number' എന്നതിൽ 'Choice number(Paid) എന്നുള്ളത് സെലക്ട് ചെയ്തു വേണം അപേക്ഷ സമർപ്പിക്കുവാൻ. റിസർവേഷൻ ആവശ്യമില്ലാത്ത അപേക്ഷകൾക്ക് 'System Generated(Free)' എന്നുള്ളത് സെലക്ട് ചെയേണ്ടതാണ്. റിസർവേഷൻ ആവശ്യമാണോ ഇല്ലയോ എന്നുള്ളത് ഓരോ അപേക്ഷകനിൽ നിന്നും സ്വന്തം

കൈപ്പടയിൽ ഒരു രജിസ്റ്ററിൽ എഴുതി വാങ്ങുന്നത് ഉചിതമായിരിക്കും.

6. റിസെർവഷന് വേണ്ടിയുള്ള താത്കാലിക രജിസ്ട്രേഷൻ അപേക്ഷകളിന്മേൽ ഓട്ടോ അപ്രൂവൽ ആയതിനാൽ ഫീ ഒടുക്കിയ ഉടൻ തന്നെ താത്കാലിക രജിസ്ട്രേഷൻ പ്രിൻറ് ഓൺലൈൻ മുഖാന്തിരം ലഭ്യമായിരിക്കും. . എന്നാൽ അന്യ സംസ്ഥാനത്തേക്കു വിൽക്കപ്പെടുന്ന വാഹനങ്ങൾക്കു വേണ്ടിയും, ബോഡി നിർമ്മിക്കുവാൻ വേണ്ടിയും താത്കാലിക രജിസ്ട്രേഷൻ ഓഫീസിൽ നിന്നും അപ്രൂവൽ ചെയ്തതിനു ശേഷം മാത്രമേ ഓൺലൈനായി ലഭ്യമാവുകയുള്ളു.
7. പൂർണമായും ഫാക്ടറി നിർമിത ബോഡിയോടു കൂടിയ വാഹനങ്ങൾ ആദ്യത്തെ രജിസ്ട്രേഷന് വേണ്ടി ഇൻസ്പെക്ഷനു വേണ്ടി ആർ ടി ഓഫീസുകളിൽ ഹാജരാക്കേണ്ടതില്ല. അപേക്ഷകളുടെ ഹാർഡ് കോപ്പിയും ഹാജരാക്കേണ്ടതില്ല. എന്നാൽ അപേക്ഷയുടെ ഫുൾ സെറ്റ് അപേക്ഷകന് നൽകേണ്ടതും അവർ വാഹനത്തിന്റെ കാലാവധി തീരുന്നതുവരെ സൂക്ഷിക്കുവാൻ ആവശ്യമായ നിർദേശങ്ങൾ രേഖാമൂലം നൽകേണ്ടതുമാണ്. Disclaimer ഫോം നിർബന്ധമായും അപേക്ഷകന്റെ ഒപ്പ് സഹിതം അപ്‌ലോഡ് ചെയ്യേണ്ടതാണ് . മൊബൈൽ നമ്പർ അപേക്ഷകന്റേത് തന്നെ ആയിരിക്കണം
8. ഓരോ പ്രവർത്തി ദിവസവും, വൈകുന്നേരം നാലു മണി വരെ ഓഫീസിലെ പെൻഡിങ് ലിസ്റ്റിൽ കാണുന്ന പുതിയ രജിസ്ട്രേഷനുള്ള ഓൺലൈൻ അപേക്ഷകൾ പരിശോധിച്ച് random അടിസ്ഥാനത്തിൽ നമ്പർ അലോട്ട് ചെയ്യുന്നതായിരിക്കും. ഒരിക്കൽ നമ്പർ അലോട്ട് ചെയ്തു കഴിഞ്ഞാൽ ആ വാഹനത്തിനു മറ്റൊരു നമ്പർ അനുവദിക്കുവാദിക്കുവാനോ ആ നമ്പർ ക്യാൻസൽ ചെയ്യുവാനോ നിർവ്വാഹമില്ലാത്തതാണ്
9. അതാതു വാഹനത്തിനു അലോട് ചെയ്യപ്പെട്ട നമ്പർ HSRP നിർമിച്ച് വാഹനത്തിൽ നിർദിഷ്ട രീതിയിൽ ഘടിപ്പിച്ചതിനു ശേഷം മാത്രമേ വാഹനം ഡീലർഷിപ്പിൽ നിന്ന് പുറത്തിറക്കുവാൻ പാടുള്ളൂ .
10. രജിസ്ട്രേഷൻ നമ്പർ ഘടിപ്പിക്കാതെ വാഹനം പുറത്തിറക്കുന്നുവെങ്കിൽ M V Act ലെ ഫൈനിനു പുറമെ വൺടൈം ടാക്സിന്റെ നിശ്ചിത ശതമാനം കൂടി ഫൈൻ ആയി അടക്കേണ്ടി വരും. അതുപോലെ നമ്പർ റിസെർവഷന് വേണ്ടി താത്കാലിക രെജിസ്ട്രേഷൻ കരസ്ഥമാക്കി കാലാവധി കഴിഞ്ഞിട്ടും നമ്പർ റിസർവേഷൻ നടപടികൾ പൂർത്തിയാകാതെ വന്നാലും പിഴക്കു പുറമെ, നികുതിയുടെ നിശ്ചിത ശതമാനം കൂടി അധികമായി അടക്കേണ്ടതായി വരുന്നതാണ്.
11. വാഹനത്തിലെ സീറ്റിന്റെ തരം, സീറ്റിന്റെ എണ്ണം തുടങ്ങി വാഹനത്തിലെ ഏതെങ്കിലും സ്പെസിഫിക്കേഷനിൽ വ്യതിയാനം കാണപെടുന്നുവെങ്കിൽ അതിനും ടാക്സ് ഉൾപ്പെടെയുള്ള ഫൈൻ ആണ് ഏർപ്പെടുത്തിയിട്ടുള്ളത്.
12. 7 സീറ്റിൽ കൂടുതലുള്ള വാഹനങ്ങൾ ട്രാൻസ്പോർട് വാഹനം എന്ന ഗണത്തിൽ തന്നെയായിരിക്കണം അപേക്ഷിക്കേണ്ടത്. PSV ഫോർ പേർസണൽ യൂസ് എന്ന തരത്തിൽ അപേക്ഷ സമർപ്പിനുവെങ്കിൽ, അപേക്ഷകനിൽ നിന്ന് 200 രൂപ പത്രത്തിൽ സത്യവാങ്മൂലം വാങ്ങി അപ്‌ലോഡ് ചെയേണ്ടതും ഡീലർ സത്യവാങ്മൂല ഒറിജിനൽ ഫയൽ ചെയ്തു സൂക്ഷിക്കേണ്ടതുമാണ്.
13. എല്ലാ ട്രാൻസ്പോർട് വാഹനങ്ങളിലും നിശ്ചിത സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള റിഫ്ലക്റ്റീവ് ടേപ്പ് ഒട്ടിച്ചിരിക്കേണ്ടതാണ്.
14. എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങൾക്കുള്ളിലും പുറത്തും ഉടമയുടെയും വാഹനത്തെയും സംബന്ധിച്ച നിയമാനുസൃതം ആവശ്യമായ വിവരങ്ങൾ പ്രദർശിപ്പിക്കേണ്ടതാണ്.
15. ഓട്ടോറിക്ഷ ഒഴികെയുള്ള ട്രാൻസ്പോർട് വാഹനങ്ങൾ പുറത്തിറക്കുമ്പോൾ സ്പീഡ് ഗവർണ്ണർ(SLD ), വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ്(VLTDS) വാഹന നിർമാതാവ് ഘടിപ്പിച്ചിട്ടില്ലയെകിൽ ഇവ ഡീലർഷിപിൽ നിന്നും ഘടിപ്പിച്ച് ഡോക്യൂമെന്റ്കൾ അപ്‌ലോഡ് ചെയ്തതിനു ശേഷം മാത്രം വാഹനാം പുറത്തിറക്കുക. ഏതെങ്കിലും ഡോക്യൂമെന്റ്കൾ അപ്‌ലോഡ് ചെയുവാൻ ശരിയായ പേര് DMS മോഡ്യൂളിൽ ലഭ്യമല്ലായെങ്കിൽ others എന്നുള്ളതിൽ അപ്‌ലോഡ് ചെയ്താൽ മതിയാകും.
16. നാഷണൽ പെർമിറ്റ് ഒഴികെയുള്ള ചരക്കു വാഹനങ്ങൾ പുറത്തിറക്കുന്നതിനു മുൻപായി

നിയമപ്രകാരം വാഹനത്തിന്റെ മുൻപിലും പിൻപിലും മഞ്ഞ (ഹൈവേ യെല്ലോ) നിറത്തിലുള്ള പെയിന്റ് ചെയേണ്ടതാണ്.

17. ഓട്ടോ റിക്ഷകളിൽ ലീഗൽ മെട്രോളജി വകുപ്പിന്റെ അംഗീകാരത്തോടു കൂടിയ മീറ്റർ നിർബന്ധമായും ഘടിപ്പിച്ച സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയേണ്ടതാണ്. മിനിമം ചാർജ് നിരക്കുകൾ യഥാക്രമം പ്രദർശിപ്പിക്കേണ്ടതാണ്.

18. മേൽ നിർദേശങ്ങൾക്ക് വിരുദ്ധമായോ ചാസിസ് നമ്പർ എഞ്ചിൻ നമ്പർ എന്നിവ തെറ്റായി രേഖപെടുത്തിയോ റ്റാമ്പെർ ചെയ്തോ വാഹനം രെജിസ്ട്രേഷൻ സമ്പാദിച്ചതായി കണ്ടെത്തിയാൽ ആ ഡീലർക്കെതിരെ ട്രേഡ് സർട്ടിഫിക്കറ്റ് ക്യാൻസൽ ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ കൈകൊള്ളുന്നതായിരിക്കും.

19. മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത മോട്ടോർ വാഹന വകുപ്പിലെ ഏതൊരു ഉദ്യോഗസ്ഥനും ഡീലർ ഷിപ് പരിശോധിക്കുന്നതായിരിക്കും. ഇത്തരം പരിശോധനകളിലും അപാകതകൾ കണ്ടെത്തിയാൽ നിയമാനുസൃത നടപടികൾ കൈകൊള്ളുന്നതായിരിക്കും.

20. സർക്കാരിന്റെ 'ഈസ് ഓഫ് ഗവണ്മെന്റ് ബിസിനസ്' എന്ന സംരംഭത്തിന്റെ കൂടി ഭാഗമായി നടത്തുന്ന പൊതു ജനോപകാരപ്രദവും പരിസ്ഥിതി സംരക്ഷണത്തിനും കോവിഡ് പ്രോട്ടോകോളിനും മുൻതൂക്കം നൽകുന്നതുമായ ഈ പരിഷ്കാരങ്ങൾ വിജയകരമായി നടപ്പിൽ വരുത്തുവാൻ എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുന്നു.

Digitally signed by M R AJITHKUMAR IPS
Date: Thu Apr 15 16:10:00 IST 2021
Reason: Approved

വിശ്വസ്തതയോടെ

M R Ajithkumar Ips
Transport Commissioner